**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:249** **12.03.2018 ൽ മറുപടിയ്ക്ക്**

## സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഒ. ആർ. കേളു**<br>**ശ്രീ ബി.ഡി. ദേവസ്സി**<br>**ശ്രീ ഡി.കെ. മുരളി**<br>**ശ്രീ കാരാട്ട് റസാഖ്** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

| | | |
| --- | --- | --- |
| (എ) | കേരളം ഭൂരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെയുള്ള പദ്ധതി പ്രകാരം എത്ര ഭൂരഹിതർക്ക് ഭൂമി നൽകേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; മുൻ സർക്കാരിന്റെ കാലത്ത് ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയിരുന്നു; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി ലഭിക്കുന്നതിനായി 2,91,757 അപേക്ഷകളാണ് പദ്ധതി പ്രകാരം ലഭിച്ചിരുന്നത്. ഇതിൽ നിന്നും വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2,43,928 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് 44,192ഗുണഭോക്താക്കൾക്ക് പട്ടയം വിതരണം ചെയ്തിരുന്നു. അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്നും മറ്റുമുള്ള കാരണം പറഞ്ഞ് കുറെപേർ ഭൂമി കൈവശപ്പെടുത്താതെ ഇരിക്കുന്ന സാഹചര്യം ഉണ്ട്. |
| (ബി) | കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി നിലവിലുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (ബി) നിലവിലുണ്ട്. സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും ഒപ്പം എല്ലാ സർക്കാർ ഭൂമിയുടെ വിവരങ്ങളും ഒരു കേന്ദ്രീകൃത രീതിയിൽ സംരക്ഷിച്ച് അവ വിവേക പൂർവ്വം വിനിയോഗിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് എന്ന പദ്ധതി 2008 ൽ രൂപീകരിച്ചത് പദ്ധതിയുടെ ഒന്നാം ഘട്ടമായി സർക്കാർ ഭൂമി സംബന്ധിച്ച വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ച് www.kslb.kerala.gov.in എന്ന ഇ മെയിൽ വിലാസത്തിൽ അപ് ലോഡ് ചെയ്തിട്ടുള്ളതുമാണ്.<br>നിലവിൽ ഇടുക്കി ജില്ലയിൽ നിയമിച്ചിട്ടുള്ള പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ ഫോഴ്സിലെ ഉദ്യോഗസ്ഥരുടെ ശമ്പളം നൽകുന്നതും മറ്റ് ജില്ലകളിലും കൂടി സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റം ഒഴിപ്പിക്കുന്നതിനും വേണ്ടി ടി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ഇടുക്കി ജില്ലയിൽ ടിയാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ലാൻഡ് ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയ ഭൂമി ഒഴിവാക്കി കൊടുക്കുന്നതുമായുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കൂടാതെ വിലപിടിപ്പുള്ള സർക്കാർ പുറമ്പോക്ക് ഭൂമികൾ ചുറ്റുമതിൽ/കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ ഫണ്ടും നൽകി വരുന്നു. |
| (സി) | (സി) റവന്യൂ ഭൂമി മുഴുവൻ റീസർവേ നടത്തി ഉടമസ്ഥരുടെ അവകാശം സംരക്ഷിക്കുന്നതിനും സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (സി) 1957 ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി നിലവിൽ ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല, പീരുമേട് താലൂക്കുകളിലായി 9 അംഗങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് പബ്ലിക് ലാൻഡ് പ്രൊട്ടക്ഷൻ പേഴ്സണൽസ് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ